# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2706</u> <u>13.03.2020 ൽ മറുപടിക്ക്</u>**

## <u>വെങ്ങര റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | **ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി)** |
| എ) കിഫ്ബിയുടെ അംഗീകാരം ലഭിച്ച കണ്ണൂർ ജില്ലയിലെ വെങ്ങര റെയിൽവേ ഓവർബ്രിഡ്ജിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | എ) പ്രസ്തുത പ്രവൃത്തിക്ക് 20.84 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. അതേ തുകയ്ക്ക് സാങ്കേതികാനുമതിയ്ക്കു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു. കമ്മിറ്റി നിർദ്ദേശിച്ച തിരുത്തലുകൾ ഉൾപ്പെടുത്തി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത ഓവർബ്രിഡ്ജിന്റെ റെയിൽവെയുടെ ഭാഗത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് റെയിൽവേക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ബി) പ്രസ്തുത പ്രവൃത്തിയുടെ 20.84 കോടി രൂപയുടെ സാങ്കേതികാനുമതിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റെയിൽവേ സ്പാൻ തുകയും സെന്റേജ് ചാർജ്ജും ഉൾപ്പെടെ 741.53 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. റെയിൽവേയ്ക്ക് സെന്റേജ് ചാർജ് ഡെപ്പോസിറ്റ് ചെയ്യുന്നതിനു കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി കിഫ്ബി പോർട്ടൽ മുഖേന സമർപ്പിക്കുന്നതിനു വിവിധ ഘട്ടങ്ങളായുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ